**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4281** | **12.11.2019-ൽ മറുപടിക്ക്**

**ഇരിക്കൂർ മണ്ഡലത്തിലെ സബ് സ്റ്റേഷനുകളുടെ നിർമ്മാണം**

| | ചോദ്യം<br>ശ്രീ. കെ.സി.ജോസഫ് | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഇരിക്കൂർ നിയോജകമണ്ഡലത്തിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനുവേണ്ടി സ്ഥാപിക്കുന്ന ശ്രീകണ്ഠാപുരം, ചെമ്പേരി സബ് സ്റ്റേഷനുകളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) & (ബി) | ശ്രീകണ്ഠാപുരം സബ് സ്റ്റേഷൻ അപ്ഗ്രഡേഷൻ 98% പൂർത്തിയായി. സബ് സ്റ്റേഷനിലേക്കുള്ള 12.38 കി.മീ ദൈർഘ്യമുള്ള ഒരു ലൈൻ 110 കെ.വി ആയി 09.08.2019 - ന് ചാർജ്ജ് ചെയ്തു. രണ്ടാമത്തെ സർക്യൂട്ടിന്റെ 7.5 കി.മീ പൂർത്തിയായി സബ്സ്റ്റേഷനും 12.38 കി.മീ ഡബിൾ സർക്യൂട്ട് ലൈനും 110 കെ.വി ആയി ഒരു മാസത്തിനുള്ളിൽ ചാർജ്ജ് ചെയ്യുവാൻ സാധിക്കുന്നതാണ്. ചെമ്പേരി സബ്സ്റ്റേഷന്റെയും അനുബന്ധ ലൈനിന്റെയും നിർമ്മാണ പ്രവൃത്തികൾ നടന്നു വരികയാണ്. ഏകദേശം 40% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2020 മാർച്ചിൽ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | നിർമ്മാണം പൂർത്തിയായില്ലെങ്കിൽ എന്നത്തേക്ക് പ്രവൃത്തികൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ